"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് -എറണാകുളം ജില്ല കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് സൻസദ് ആദർശ് ഗ്രാമ യോജന ഉത്ഘാടനം - അധികം ചെലവായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1484/2022/LSGD തീയതി,തിരുവനന്തപുരം, 20-06-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 26.05.2022 ലെ PAN/5997/2022 നമ്പർ ശുപാർശ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ സൻസദ് ആദർശ് ഗ്രാമ യോജന പരിപാടിയുടെ ഉദ്ഘാടനം 2022 ജനുവരി 13 വ്യാഴാഴ്ച ബഹു. കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തിരുന്നു. പ്രസ്തുത ചടങ്ങിനായി ആകെ 134,423 രൂപ ചെലവായിട്ടുള്ളതും, ആയതിൽ 50,000 രൂപ ദാരിദ്ര ലഘൂകരണ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ നിന്നും 25,000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതായും അധികം ചെലവായ തുകയായ 59,423 തനത് ഫണ്ടിൽ ചെലവഴിക്കുന്നതിന് അനുമതി നല്കണമെന്നുമാവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും അനുബന്ധങ്ങളും പഞ്ചായത്ത് ഡയറക്ടർ പരാമർശം കത്ത് പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ സൻസദ് ആദർശ് ഗ്രാമ യോജന പരിപാടിയുടെ ഉദ്ഘാടന ചെലവുകൾക്ക് അധികം ചെലവായ 59,423/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 20-06-2022 11:12:11

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.